റോഡിൽ സ്ഥാപിച്ചിരിക്കുന്ന ഇലക്ട്രിക് പോസ്റ്റുകളും ടെലിഫോൺ പോസ്റ്റുകളും ടൗണിൽ ഗതാഗത തടസ്സത്തിനും അപകടങ്ങൾക്കും കാരണമാവുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വൈദ്യുതി പോസ്റ്റുകളും ടെലിഫോൺ പോസ്റ്റുകളും മാറ്റി കേബിൾ വഴിയാക്കാൻ യഥാക്രമം കെ.എസ്.ഇ.ബി.യോടും ബി.എസ്.എൻ.എൽ. അധികൃതരോടും അടിയന്തിരമായി ആവശ്യപ്പെടുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കെ.എസ്.ഇ.ബി., ബി.എസ്.എൻ.എൽ. അധികൃതരുമായി ബന്ധപ്പെട്ട് റോഡുഗതാഗതത്തിന് തടസ്സമായി നിൽക്കുന്ന പോസ്റ്റുകൾ മാറ്റാൻ നടപടികൾ കൈക്കൊള്ളുന്നതാണ്.

പട്ടാമ്പി-ഷൊർണ്ണൂർ റോഡിൽ ഗതാഗതം സുഗമമാക്കാൻ നടപടി

77 (1387) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടാമ്പി-ഷൊർണ്ണൂർ റോഡിൽ വാടാനാംകുറിശ്ശി ശ്രീനാരായണ കമ്പനിക്കും പ്രിന്റിംഗ് ടെക്നോളജിക്കും ഇടയിലുള്ള കയറ്റം നിരവധി വാഹന അപകടങ്ങൾക്ക് കാരണമാകുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വളവുകൾ നിവർത്തി കയറ്റം നീക്കം ചെയ്ത് ഗതാഗതം സുഗമമാക്കാൻ അടിയന്തിര നടപടി കൈക്കൊള്ളുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) സ്റ്റേറ്റ് ഹൈവേ 23-ലെ ഷൊർണ്ണൂർ-പെരിന്തൽമണ്ണ റോഡിൽ കി.മീ. 7/200-ലുള്ള വളവ് ഭാരം കയറ്റി പോകുന്ന വാഹനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വളവുകൾ തീർത്ത് കയറ്റം നീക്കം ചെയ്യുന്നതിനുവേണ്ടിയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ബഡ്ജറ്റിൽ ആവശ്യമായ തുക ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത എസ്റ്റിമേറ്റിന് ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകി റോഡുപണി ഏറ്റെടുക്കുന്നതാണ്.

പട്ടാമ്പി പെരിന്തൽമണ്ണ റോഡിലെ വാഹന അപകടങ്ങൾ

78 (1388) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടാമ്പി പെരിന്തൽമണ്ണ റോഡിൽ നെല്ലുഗവേഷണ കേന്ദ്രത്തിന് സമീപത്തുള്ള മൂന്നു വളവുകളും തൃത്താല കൊപ്പത്തുള്ള വളവും കരിങ്ങനാട് കുണ്ടിലുള്ള വളവും നിരവധി അപകടങ്ങൾക്ക് കാരണമാകുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ അപകടങ്ങൾ ഒഴിവാക്കുന്നതിന് അടിയന്തിര നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് അപാകതകൾ തീർത്ത് റോഡ് പുനർനിർമ്മിക്കുന്നതാണ്.

മെഡിക്കൽകോളേജ്-മാവൂർ റോഡ്

79 (1389) ശ്രീ. യു. സി. രാമൻ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. ടി. പി. എം. സാഹിർ :
ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് മെഡിക്കൽ കോളേജ്-മാവൂർ റോഡ് ലോകബാങ്ക് സഹായത്തോടെ പ്രവൃത്തി നടക്കുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത റോഡ് എവിടെ മുതൽ എവിടെ വരെ ആയിരിക്കും എന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത റോഡിന്റെ പ്രവൃത്തി മാവൂർ ടൗൺ വരെ ദീർഘിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ഇത് ദീർഘിപ്പിക്കുന്ന കാര്യം അടിയന്തിരമായി പരിഗണിക്കുമോ ?

ഉത്തരം

(എ&ബി) കോഴിക്കോട് മെഡിക്കൽ കോളേജ് മുതൽ മാവൂർ ജംഗ്ഷന് മുമ്പുള്ള ചെറുപ്പപാലം വരെയുള്ള റോഡ് ലോകബാങ്ക് ധനസഹായത്തോടെ സംസ്ഥാനത്ത് നടപ്പാക്കി വരുന്ന (കെ.എസ്.ടി.പി) റോഡ് മെയിന്റനൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി പണികൾ ആരംഭിച്ചിട്ടുണ്ട്.

(സി&ഡി) ഇപ്പോൾ പരിഗണിക്കാൻ നിർവ്വാഹമില്ല.

മാള കരിങ്ങച്ചിറ പുത്തൻചിറ റോഡ് പുനരുദ്ധാരണം

80 (1390) ശ്രീ. ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാള നിയോജകമണ്ഡലത്തിലെ മാള കരിങ്ങച്ചിറ പുത്തൻചിറ റോഡ് പുനരുദ്ധാരണം വളരെ മന്ദഗതിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly